# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5419 23.05.17 ൽ മറുപടിയ്ക്ക്

**<u>വാഹനങ്ങളിലെ ബീക്കൺ ലൈറ്റുകൾ</u>**

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ക്യാബിനറ്റ് പദവിയിലുള്ള മന്ത്രിമാർ ഉൾപ്പെടെയുള്ളവർ വാഹനങ്ങളിലെ ബീക്കൺ ലൈറ്റുകൾ പൂർണ്ണമായും മാറ്റിയിട്ടുണ്ടോ; | (എ) | നിലവിൽ അനുവദനീയമല്ലാത്ത വാഹനങ്ങളിൽ ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുവാൻ കഴിയില്ല. ഇതു സംബന്ധിച്ച് ഒരു പ്രത്യേക പരിശോധന നടത്തുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത ഉത്തരവ് സംസ്ഥാനത്തെ ഐ.എ.എസ്, ഐ.പി.എസ്. തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർക്കും ബാധകമാണോ;നിലവിൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ അവരുടെ വാഹനങ്ങളിൽ രാത്രി സമയങ്ങളിൽ കാഴ്ചക്ക് തന്നെ തകരാറാകുന്ന തരത്തിലുള്ള വിവിധ നിറത്തിലുള്ള എൽ.ഇ.ഡി ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബാധകമാണ്. കാഴ്ചക്ക് തകരാറാകുന്ന തരത്തിലുള്ള ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | മുഖ്യമന്ത്രി, സ്പീക്കർ, പ്രതിപക്ഷ നേതാവ് തുടങ്ങിയവർ ബീക്കൺ ലൈറ്റ് എടുത്ത് മാറ്റിയ സാഹചര്യത്തിൽ ഉന്നത ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന ബീക്കൺ ലൈറ്റുകളും എടുത്ത് മാറ്റുവാൻ നടപടി സ്വീകരിക്കുമോ? | (സി) | 29.04.2017-ലെ സ.ഉ.(എം.എസ്) 46/2017/ഗതാ. നമ്പർ പ്രകാരം ബീക്കൺ ലൈറ്റുകളുടെ ഉപയോഗം ആംബുലൻസ്, പോലീസ്, ഫയർഫോഴ്സ് മുതലായ അവശ്യ സർവ്വീസുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ